ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ച് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നില്ല. എന്നാൽ സ്പീഡ് ഐ.ടി., പി.ജി. ഡിപ്ലോമ ഇൻ ഇ-ഗവേണൻസ്, വുമെൻ റിസോഴ്സ് സെന്റർ തുടങ്ങി ഐ.ടി. മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ പ്രാതിനിധ്യം നൽകുന്നുണ്ട്.

## തലശ്ശേരിയിലെ ഐ.ടി. പാർക്ക്

**187(2176)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തലശ്ശേരിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാധ്യതാ പഠനം കെ.എസ്.ഐ.ടി.ഐ.എൽ. ൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഐ.ടി. പാർക്കിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും, സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനം നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി പണം വകയിരുത്തിയിട്ടില്ല.

## വെർച്ചൽ ഐ.ടി. കേഡർ

**188(2177)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെർച്ചൽ ഐ.റ്റി. കേഡർ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) ആരുടെയെല്ലാം സഹായത്തോടുകൂടിയാണ് ഇത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിൽ ഐ.ടി. വെർച്വൽ കേഡർ രൂപീകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക മേഖലയിൽ പ്രാപ്തരായ ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനു വിവിധ ബാഹ്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നു. സർക്കാർ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ അറിവ് ഈ ഏജൻസികൾക്ക് ഇല്ലാത്തതിനാൽ പലപ്പോഴും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും സാധിക്കാതെവരുന്നു.

മേൽ സാഹചര്യത്തിൽ ഇ-ഗവേണൻസ് പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി അതാതു വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ അറിവുള്ള ഒരു ടീമിനെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് വെർച്വൽ ഐ.ടി. കേഡർ രൂപവൽക്കരിച്ചിട്ടുള്ളത്.

പ്രസ്തുത ടീം ഇ-ഗവേണൻസ് പദ്ധതികൾ അതാതു വകുപ്പുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി ആയതിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ്.

(സി) വിവര സാങ്കേതിക വിദ്യയോട് താൽപ്പര്യവും ആഭിമുഖ്യവുമുള്ള യോഗ്യരായ സർക്കാർ ജീവനക്കാരെ വകുപ്പ് തലവന്മാർ കണ്ടെത്തി നാമനിർദ്ദേശം ചെയ്യുകയും ഇവർക്ക് വേണ്ട പരിശീലനം നൽകുകയും ചെയ്യുന്നു. ടെക്നോപാർക്കിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള മുഖാന്തരമാണ് പരിശീലനം നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നൽകും.

അതാതു വകുപ്പിൽ അവരവരുടെ നിലവിലെ ഉത്തരവാദിത്വങ്ങൾക്ക് പുറമേ ആയിരിക്കും ഇ-ഗവേണൻസിന്റെ ചുമതലകൾ നിർവ്വഹിക്കുന്നത്.

(ഡി) അതാതു വകുപ്പുകളുടെ മേൽനോട്ടത്തിലും വിവര സാങ്കേതിക വകുപ്പിന്റേയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റേയും സ്റ്റേറ്റ് ഇ-മിഷൻ ടീമിന്റെയും (SeMT) സഹകരണത്തോടെയും ആയിരിക്കും വെർച്വൽ ഐ.റ്റി. കേഡർ പ്രവർത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly